©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ഫെബ്രുവരി 18<br>18th February 2020<br>1195 കുംഭം 5<br>5th Kumbham 1195<br>1941 മാഘം 29<br>29th Magha 1941 | നമ്പർ<br>No. | 7 |

## PART III

# Commissionerate of Land Revenue

# KOLLAM DISTRICT

ലേലപ്പരസ്യം

(1)

നമ്പർ എൽ6-819/2020. 2020 ഫെബ്രുവരി 4.

കരുനാഗപ്പള്ളി താലൂക്കിൽ കല്ലേലിഭാഗം വില്ലേജ് ആഫീസ് കോമ്പൗണ്ടിൽ നിൽക്കുന്ന വൃക്ഷങ്ങൾ 2020 മാർച്ച് മാസം 2-ാം തീയതി 3 മണിക്ക് (അവധി ദിവസമായാൽ തൊട്ടടുത്ത ദിവസം) കല്ലേലിഭാഗം വില്ലേജ് ആഫീസ് കോമ്പൗണ്ടിൽവച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ₹10,000 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക ലേലത്തിൽ വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം കഴിച്ചുള്ള ലേല തുകയും നിയമാനുസൃത നികുതിയും ടിയാൻ അപ്പോൾതന്നെ ഒടുക്ക് വരുത്തേണ്ടതും ലേലം സ്ഥിരീകരിച്ചുകൊണ്ട് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സ്വന്തം ചെലവിൽ ലേല ഉരുപ്പടികൾ നീക്കം ചെയ്യേണ്ടതുമാണ്. സാധാരണ സർക്കാർ ലേലങ്ങളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്. ടി ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കരുനാഗപ്പള്ളി താലൂക്കാഫീസിൽ നിന്നും അറിയാവുന്നതാണ്.

തടിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | ചുറ്റുവണ്ണം (സെ. മീ) | തടിയുടെ അളവ് (ക്യൂ. മീ.) | വിറകിന്റെ അളവ് (മെ. ടൺ) |
|---|---|---|---|---|
| 1 | തേക്ക് | 114 | 411 | 335 |
| 2 | ബദാം | 55 | വിറക് ഉപയോഗം | 100 |
| 3 | ബദാം | 75 | വിറക് ഉപയോഗം | 100 |

(2)

നമ്പർ എൽ1-139109/2019. 2020 ജനുവരി 30.

കൊട്ടാരക്കര താലൂക്കിൽ കടയ്ക്കൽ വില്ലേജിൽ ഇടത്തറ മുറിയിൽ തടത്തിൽ വിള വീട്ടിൽ രഘുത്തമൻ ഭാര്യ സരളാദേവിയുടെ കൈവശത്തിലുള്ളതും ടി വില്ലേജിൽ ബ്ലോക്ക് 47-ൽ റീസർവ്വേ നമ്പർ 189/5-ൽപ്പെട്ട 11.90 ആർ പുരയിടത്തിൽ എൽ. എ. 460/76-ാം നമ്പർ പട്ടയപ്രകാരം റിസർവ് ചെയ്തിട്ടുള്ളതുമായ ഒരു തേക്ക് മരം 28-2-2020-ന് 11 മണിക്ക് (അവധി ദിവസമായാൽ തൊട്ടടുത്ത ദിവസം) കടയ്ക്കൽ വില്ലേജാഫീസിൽവച്ച് താഴെ ഒപ്പിട്ടിരിക്കുന്ന ആളോ, ചുമതലപ്പെടുത്തുന്ന ആളോ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിതതുക നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുകയും നിരതദ്രവ്യം കഴിച്ചുള്ള ലേലതുകയും നിയമാനുസൃത നികുതിയും വന വികസന നികുതിയും അപ്പോൾ തന്നെ ഒടുക്കുവരുത്തേണ്ടതുമാണ്. ലേലം സ്ഥിരികരിച്ചുകൊണ്ട് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ പ്രസ്തുത മരം മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്. സാധാരണ സർക്കാർ ലേലങ്ങൾ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

ടി തേക്ക് മരം കടയ്ക്കൽ വില്ലജിൽ ഇടത്തറ മുറിയിൽ കല്ലണ എന്ന സ്ഥലത്ത് ഇടത്തറ-മുരുക്കുമൺ റോഡിൽ നിന്നും കല്ലണയിലേക്ക് പോകുന്ന പഞ്ചായത്ത് തടത്തിൽ സുമാർ 200 മീറ്റർ ദൂരത്തിൽ ടി തടത്തിന് സുമാർ 100 മീറ്റർ വടക്ക്-പടിഞ്ഞാറ് മാറി ശ്രീമതി സരളാദേവിയുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ സ്ഥിതി ചെയ്യുന്നതും പകൽ നേരത്ത് ടി പുരയിടത്തിൽ പ്രവേശിച്ച് തേക്ക് മരം പരിശോധിയ്ക്കാവുന്നതുമാണ്.

കളക്ടറേറ്റ്, (ഒപ്പ്)
കൊല്ലം. ജില്ലാ കളക്ടർ.

## Kollam Taluk

പരസ്യം

(1)

നമ്പർ ബി2-30826/2019. 2019 നവംബർ 27.

കൊല്ലം താലൂക്കിൽ മയ്യനാട് വില്ലേജിൽ ഉമയനല്ലൂർ നടുവിലക്കര ചേരിയിൽ രാജ് ഭവനിൽ എം. ദേവരാജൻ 11-10-2019-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരേതന്റെ ഭാര്യ ടി വീട്ടിൽ രാധാമണി, കെ. ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ മയ്യനാട് വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | രാധാമണി, കെ. | ഭാര്യ | 51 |
| 2 | ബാലുരാജ്, പി. | മകൻ | 33 |
| 3 | ബിബിൻ രാജ് | ,, | 28 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

പരേതന്റെ അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്ക് ശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ ബി2-30479/2019. 2019 നവംബർ 27.

കൊല്ലം താലൂക്കിൽ മയ്യനാട് വില്ലേജിൽ കുറ്റിക്കാട് ജെ. എൻ. ഡെയിൽ വീട്ടിൽ ജോൺസൺ 30-6-2019-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരേതന്റെ മകൻ ടി വീട്ടിൽ ജോബിൻ ജോൺസൺ ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ മയ്യനാട് വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശി ആണെന്ന് അറിയുന്നു.